**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2222** **30-07-2021 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജകമണ്ഡലത്തിലെ മേജർ, മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിലെ മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ; ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെൻഡർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരം തിരിച്ച് നൽകാമോ; | (എ) | കുണ്ടറ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിലെ മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ നെടുമ്പന പഞ്ചായത്തിലെ പള്ളിമൺ തോടിനു താഴ്ഭാഗത്തായി പള്ളിമൺ പമ്പു ഹൗസിന്റെ ഇടിഞ്ഞു പോയ വശങ്ങളുടെ സംരക്ഷണം എന്ന പ്രവൃത്തി നടന്നു വരുന്നു. ടി പ്രവൃത്തിയുടെ 40 % പൂർത്തീകരിച്ചിട്ടുണ്ട്. അടങ്കൽ തുക Rs.12,00,000/-. |
| (ബി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിലെ മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നു കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ; ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെൻഡർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരം തിരിച്ച് നൽകാമോ? | (ബി) | കുണ്ടറ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിലെ മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ നിലവിൽ നടന്നുവരുന്നതിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്തവ, ടെൻഡർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**കണ്ടറ നിയോജകമണ്ഡലത്തിൽ ജലവിഭവവകുപ്പിലെ മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ നിലവിൽ നടന്നുവരുന്നതിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്തവ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിവയുടെ തരം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**

### നടന്നു വരുന്ന പ്രവൃത്തികൾ

| നം. | പ്രവൃത്തിയുടെ പേര് | തുക (Rs) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | നെടുമ്പന പഞ്ചായത്തിലെ (ഇത്തിക്കര നദീതടം) കുണ്ടുമൺ ഏലായിലേയ്ക്കുള്ള ജലസേചനസൗകര്യം മെച്ചപ്പെടുത്തലും പള്ളിമൺ വി.സി.ബി.യുടെ അറ്റകുറ്റപ്പണികളും. | 47,76,000 | 77% പൂർത്തീകരിച്ചു |
| 2. | നെടുമ്പന പഞ്ചായത്തിലെ കൊക്കോട്ടു ചിറയുടെ നവീകരണവും അനുബന്ധ പ്രവൃത്തികളും | 24,67,000 | 78 % പൂർത്തീകരിച്ചു |
| 3. | നെടുമ്പന പഞ്ചായത്തിലെ പാലക്കുളം നവീകരണവും അനുബന്ധ പ്രവൃത്തികളും | 15,19,000 | 5%പൂർത്തീകരിച്ചു |
| 4. | നെടുമ്പന പഞ്ചായത്തിലെ ചെലവൂർകോണം കുളം നവീകരണം. | 15,15,000 | 10% പൂർത്തീകരിച്ചു |

### എഗ്രിമെന്റ് ചെയ്തിട്ടും ആരംഭിക്കാത്ത പ്രവൃത്തി

| നം. | പ്രവൃത്തിയുടെ പേര് | തുക (Rs) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | തൃക്കോവിൽവട്ടം പഞ്ചായത്തിലെ പെരുംകുളം ഏലായുടെ നവീകരണം | 35,34,000 | ഉയർന്ന ജലനിരപ്പ്, വേനൽ മഴ, കോവിഡ്-19 നിയന്ത്രണങ്ങൾ എന്നിവ മൂലം പ്രവൃത്തി തുടങ്ങാൻ സാധിച്ചില്ല. |
| 2 | തൃക്കോവിൽവട്ടം പഞ്ചായത്തിലെ പ്ലാമൂട് ജംഗ്ഷനിൽ ഓടയുടെ കവറിംഗ് സ്ലാബ് നിർമ്മാണം. | 16,13,000 | സൈറ്റിൽ നിലനിന്ന തർക്കം കാരണം പ്രവൃത്തി ആരംഭിക്കുന്നതിന് സാധിച്ചില്ല. 2018ൽ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള യോഗത്തിൽ തർക്കം പരിഹരിച്ചെങ്കിലും പ്രവൃത്തി ആരംഭിക്കുന്നതിനായി കരാറുകാരനെ ബന്ധപ്പെട്ടെങ്കിലും ഇതുവരെ പ്രതികരിച്ചിട്ടില്ല. |
| 3. | തൃക്കോവിൽവട്ടം പഞ്ചായത്തിലെ പെരുംകുളം ഏലാതോടിന്റെ തകർന്ന ബണ്ടിന്റെ പുനരുദ്ധാരണ പണികൾ. | 2,13,600 | സൈറ്റിലെ ഉയർന്ന ജലനിരപ്പ് കാരണമാണ് പ്രവൃത്തി ആരംഭിക്കാത്തത്. അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 4. | തൃക്കോവിൽവട്ടം പഞ്ചായത്തിലെ കണിയാൻതോടിന്റെ തകർന്ന ബണ്ടിന്റെപുനരുദ്ധാരണ പണികൾ. | 3,20,600 | സൈറ്റിലെ ഉയർന്ന ജലനിരപ്പ് കാരണമാണ് പ്രവൃത്തി ആരംഭിക്കാത്തത്. അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 5. | തൃക്കോവിൽവട്ടം പഞ്ചായത്തിലെ തട്ടാർകോണം തോടിന്റെ കുറുകെയുള്ള തകർന്ന ബണ്ടിന്റെപുനരുദ്ധാരണ പണികൾ. | 3,20,900 | സൈറ്റിലെ ഉയർന്ന ജലനിരപ്പ് കാരണമാണ് പ്രവൃത്തി ആരംഭിക്കാത്തത്. അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 6. | തൃക്കോവിൽവട്ടം പഞ്ചായത്തിലെ കണിയാൻതോടിന്റെ കുറുകെയുള്ള തകർന്ന വി.സി.ബി.യുടെ നിർമ്മാണം. | | സൈറ്റിലെ ഉയർന്ന ജലനിരപ്പ് കാരണമാണ് പ്രവൃത്തി ആരംഭിക്കാത്തത്. അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് |

| | | | |
|---|---|---|---|
| | | 1,33,600 | നോട്ടീസ് നൽകിയിട്ടുണ്ട്. |

**ടെൻഡർ ചെയ്തിട്ടുള്ള പ്രവൃത്തികൾ**

നിലവിൽ CE(I&A) കാര്യാലയത്തിനുകീഴിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ ടെണ്ടർ നടപടികൾ നടന്നു വരുന്ന പ്രവൃത്തികൾ ഇല്ല.

**ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പ്രവൃത്തികൾ**

| ന ം. | പ്രവൃത്തിയുടെ പേര് | തുക (Rs) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | നെടുമ്പന പഞ്ചായത്തിലെ ചെലവൂർകോണം കുളപ്പാടം ഏലായിലേയ്ക്കുള്ള ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ. | 23,00,000 | 3 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും 2 പ്രാവശ്യം ക്വട്ടേഷനും നെഗോഷ്യേറ്റഡ് ക്വട്ടേഷനും ക്ഷണിച്ചിട്ടും ആരും പങ്കെടുത്തില്ല |
| 2. | നെടുമ്പന പഞ്ചായത്തിലെ കല്ലുപുര ഇടപ്പാം തോടിന്റെ വശങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ. | 33,50,000 | 3 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും 2 പ്രാവശ്യം ക്വട്ടേഷനും നെഗോഷ്യേറ്റഡ് ക്വട്ടേഷനും ക്ഷണിച്ചിട്ടും ആരും പങ്കെടുത്തില്ല |
| 3. | നെടുമ്പന പഞ്ചായത്തിലെ പനയന്തറ കുണ്ടുമൺ ബണ്ടിന്റെ തകർന്ന ഭാഗങ്ങളുടെ നവീകരണം. | 20,60,000 | സാങ്കേതികാനുമതിയ്ക്കായി നടപടികൾ പുരോഗമിക്കുന്നു |

Prijith.G
സെക്ഷൻ ഓഫീസർ